REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 12-12-2025 **സമയം** 12.30 PM

## പ്രധാന വാർത്തകൾ

- കേരളം കാത്തിരിക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പിന്റെ വിധിപ്രഖ്യാപനം നാളെ. ഒരുക്കങ്ങൾ പൂർത്തിയായി.
- മുൻ ആഭ്യന്തര മന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ശിവരാജ് പാട്ടീൽ അന്തരിച്ചു. പ്രധാനമന്ത്രി നരേന്ദ്രമോദി അടക്കം പ്രമുഖർ അനുശോചിച്ചു.
- ആന്ധ്രാപ്രദേശിൽ സ്വകാര്യബസ് കൊക്കയിലേക്ക് മറിഞ്ഞ് ഒൻപത് മരണം. 23 പേർക്ക് ഗുരുതര പരിക്ക്.
- 30-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് വൈകിട്ട് തിരുവനന്തപുരത്ത് തുടക്കമാകും. പ്രദർശനം രാവിലെ ആരംഭിച്ചു.
- ഏഷ്യാകപ്പ് അണ്ടർ-19 ഏകദിന ക്രിക്കറ്റ് മത്സരം ദുബായിൽ ആരംഭിച്ചു.

## വാർത്തകൾ വിശദമായി

കേരളം കാത്തിരിക്കുന്ന തദ്ദേശ തിരഞ്ഞെടുപ്പിന്റെ വിധിപ്രഖ്യാപനം നാളെ. വോട്ടെണ്ണൽ രാവിലെ എട്ടിന് ആരംഭിക്കും. ഒരുക്കങ്ങളെല്ലാം പൂർത്തിയായി. സംസ്ഥാനത്ത് ആകെ 244 വോട്ടെണ്ണൽ കേന്ദ്രങ്ങളാണ് ഒരുക്കിയിരിക്കുന്നത്. ഗ്രാമ-ബ്ലോക്ക്-ജില്ലാ പഞ്ചായത്തുകളുടെ വോട്ടെണ്ണൽ, ബ്ലോക്ക് തല കേന്ദ്രങ്ങളിലും, മുനിസിപ്പാലിറ്റികളുടെയും, കോർപ്പറേഷനുകളുടേയും വോട്ടുകൾ അതത് സ്ഥാപനങ്ങളിലും എണ്ണും.

ജില്ലാ പഞ്ചായത്തുകളിലെ പോസ്റ്റൽ ബാലറ്റുകൾ കലക്ടറേറ്റുകളിൽ ജില്ലാ കലക്ടർമാരുടെ നേതൃത്വത്തിലായിരിക്കും എണ്ണുന്നത്. മറ്റ് പോസ്റ്റൽ ബാലറ്റുകൾ അതാത് വരണാധികാരികളുടെ ടേബിളിലും എണ്ണും. പോസ്റ്റൽ

**ബാലറ്റുകൾ എണ്ണിയ ശേഷം വോട്ടിങ് യന്ത്രങ്ങളിലെ വോട്ടുകൾ എണ്ണി തുടങ്ങും. ഇതിനായി ഇലക്ട്രോണിക് വോട്ടിങ് യന്ത്രങ്ങളുടെ കൺട്രോൾ യൂണിറ്റുകൾ മാത്രമായിരിക്കും സ്ട്രോങ്ങ് റൂമുകളിൽനിന്ന് ടേബിളുകളിൽ എത്തിക്കുന്നത്.**

**കൺട്രോൾ യൂണിറ്റിൽനിന്ന് ആദ്യം ഗ്രാമപഞ്ചായത്ത് സ്ഥാനാർഥികളുടെ വോട്ടുനില ലഭിക്കും. തുടർന്ന്, ബ്ലോക്ക്പഞ്ചായത്ത് സ്ഥാനാർഥികളുടെയും ജില്ലാപഞ്ചായത്ത് സ്ഥാനാർഥികളുടെയും വോട്ടുവിവരം കിട്ടും. ഓരോ കൺട്രോൾ യൂണിറ്റിലെയും ഫലം അപ്പോൾ തന്നെ കൗണ്ടിങ് സൂപ്പർവൈസർ രേഖപ്പെടുത്തി വരണാധികാരിക്ക് നൽകും. ഓരോ വാർഡിലേയും പോസ്റ്റൽ ബാലറ്റുകളും എല്ലാ ബൂത്തുകളിലെയും വോട്ടുകളും എണ്ണിത്തീരുന്ന മുറയ്ക്ക് വരണാധികാരികൾ ഫലപ്രഖ്യാപനം നടത്തും. ഓരോ ബൂത്തും എണ്ണിത്തീരുമ്പോൾ വോട്ടുനില ട്രെൻഡ് പോർട്ടലിൽ അപ്‌ലോഡ് ചെയ്യും. ലീഡ് നിലയും ഫലവും തത്സമയം അറിയാനാകും.**

✪✪✪

**തദ്ദേശ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന് എല്ലാ ഒരുക്കങ്ങളും കണ്ണൂർ ജില്ലയിൽ പൂർത്തിയായി. ജില്ലയിൽ 20 വോട്ടെണ്ണൽ കേന്ദ്രങ്ങളാണ് സജ്ജമാക്കിയത്.**

**ആകാശവാണി പ്രതിനിധി K.O ശശിധരൻ.**

**.....(വോയ്സ്)...........**

**കോഴിക്കോട് ജില്ലയിലും വോട്ടെണ്ണലിന് എല്ലാ ഒരുക്കങ്ങളും പൂർത്തിയായി.**

**വിശദവിവരങ്ങളുമായി നസീർ ബാബു.**

**....(വോയ്സ്) .....**

✪✪✪

**വോട്ടെണ്ണൽ ദിവസമായ നാളെ എല്ലാ ട്രഷറികളും തുറന്ന് പ്രവർത്തിക്കാൻ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദേശം നൽകി. ഫലപ്രഖ്യാപനം പൂർത്തിയായ ശേഷം സുരക്ഷിതമായി സൂക്ഷിക്കേണ്ട തെരഞ്ഞെടുപ്പ് രേഖകൾ ട്രഷറി സ്ട്രോങ് റൂമുകളിൽ സൂക്ഷിക്കുന്നതിന് വേണ്ടിയാണ് നടപടി.**

✪✪✪

**തദ്ദേശ തെരഞ്ഞെടുപ്പിന്റെ രണ്ടാം ഘട്ടത്തിൽ ഇന്നലെ മികച്ച പോളിംഗ്. തൃശൂർ മുതൽ കാസർകോട് വരെ ഏഴ് ജില്ലകളിൽ 76.08 ശതമാനം പേർ വോട്ട് ചെയ്തു. ആദ്യ ഘട്ടത്തിൽ 70.91 ശതമാനമായിരുന്നു പോളിംഗ്.**

വയനാട്ടിലാണ് ഏറ്റവും ഉയർന്ന പോളിംഗ് ശതമാനം. 78.29. ഏറ്റവും കുറവ് തൃശൂർ ജില്ലയിൽ -72.48 ശതമാനം.

കോർപ്പറേഷനുകളിൽ, കോഴിക്കോട്ട് 69.55 ശതമാനവും കണ്ണൂരിൽ 70.33 ശതമാനവും, തൃശൂരിൽ 62.45 ശതമാനവുമാണ് പോളിംഗ് നടന്നത്.

✪✪✪

മുൻ ആഭ്യന്തര മന്ത്രിയും കോൺഗ്രസ് നേതാവുമായിരുന്ന ശിവരാജ് പാട്ടീൽ മഹാരാഷ്ട്രയിൽ ലാത്തൂരിലെ വസതിയിൽ അന്തരിച്ചു. 91 വയസ്സായിരുന്നു. രാവിലെയായിരുന്നു ദീർഘനാളായി അസുഖബാധിത നായിരുന്ന അദ്ദേഹത്തിന്റെ അന്ത്യം. തുടർച്ചയായി ഏഴു തവണ ലാത്തൂർ ലോക്സഭാ മണ്ഡലത്തെ പ്രതിനിധീകരിച്ചു. ലോക്സഭാ സ്പീക്കർ, പഞ്ചാബ് ഗവർണർ, ചണ്ഡിഗഡ് അഡ്മിനിസ്ട്രേറ്റർ തുടങ്ങിയ നിലകളിലും ശിവരാജ് പാട്ടീൽ പ്രവർത്തിച്ചിട്ടുണ്ട്.

ശിവരാജ് പാട്ടീലിന്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി അനുശോചിച്ചു. മഹാരാഷ്ട്ര നിയമസഭാ സ്പീക്കറായും, ലോക്സഭാ സ്പീക്കറായും സേവനമനുഷ്ഠിച്ച പാട്ടീൽ പരിചയസമ്പന്നനായ നേതാവായിരുന്നുവെന്ന് പ്രധാനമന്ത്രി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. സമൂഹത്തിന്റെ ക്ഷേമത്തിനായി അർപ്പണബോധത്തോടെ പ്രവർത്തിക്കുന്നതിന് പാട്ടീലിന് അതിയായ താത്പര്യമുണ്ടായിരുന്നുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

✪✪✪

മുതിർന്ന കോൺഗ്രസ് നേതാവും മുൻ ആഭ്യന്തരമന്ത്രിയുമായ ശിവരാജ് പാട്ടീലിന്റെ നിര്യാണത്തിൽ ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി, കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, പ്രിയങ്കാഗാന്ധി എന്നിവർ അനുശോചിച്ചു. പാട്ടീലിന്റെ വിയോഗം പാർട്ടിയ്ക്ക് കനത്ത നഷ്ടമാണെന്നും, പൊതുസമൂഹത്തിനും രാജ്യത്തിനും ശിവരാജ് പാട്ടീൽ നൽകിയ സംഭാവനയും സമർപ്പണവും രാജ്യം എന്നും സ്മരിക്കുമെന്നും രാഹുൽ ഗാന്ധി പറഞ്ഞു. മുതിർന്ന പാർട്ടി നേതാവെന്ന നിലയിൽ അദ്ദേഹത്തോടൊപ്പം ചേർന്ന് പ്രവർത്തിക്കാൻ കഴിഞ്ഞത് ഓർമ്മകളിലേക്ക് വരികയാണെന്ന് മല്ലികാർജ്ജുൻ ഖാർഗെ പറഞ്ഞു. പാട്ടീലിന്റെ നിര്യാണം പാർട്ടിക്കും കുടുംബത്തിനും വലിയ നഷ്ടമാണ് ഉണ്ടാക്കിയതെന്ന് പ്രിയങ്കാഗാന്ധി സാമൂഹ്യമാധ്യമത്തിൽ കുറിച്ചു.

✪✪✪

ആന്ധ്രാപ്രദേശിൽ അല്ലൂരി സീതാ രാമരാജു ജില്ലയിലെ ചിന്തൂർ-മരേഡുമില്ലി ഘട്ട് റോഡിൽ പുലർച്ചെ സ്വകാര്യബസ് കൊക്കയിലേക്ക് മറിഞ്ഞ് ഒൻപത് പേർ മരിച്ചു - 23 പേർക്ക് ഗുരുതരമായി പരിക്കേറ്റു. അപകടസമയത്ത് 35

യാത്രക്കാരും രണ്ട് ഡ്രൈവർമാരും ബസിലുണ്ടായിരുന്നു. രക്ഷാദൗത്യം പുരോഗമിക്കുന്നു.

ആന്ധ്രാപ്രദേശിലെ ബസ് അപകടത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമുവും, ഉപരാഷ്ട്രപതി CP രാധാകൃഷ്ണനനും പ്രധാനമന്ത്രി നരേന്ദ്രമോദിയും ദുഃഖമറിയിച്ചു. പരിക്കേറ്റവർ വേഗത്തിൽ സുഖം പ്രാപിക്കട്ടെയെന്ന് അവർ സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ മരിച്ചവരുടെ ബന്ധുക്കൾക്ക് സഹായധനം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപയും നൽകും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്ര മോദി നാല് ദിവസത്തെ ജോർദാൻ, എത്യോപ്യ, ഒമാൻ സന്ദർശനത്തിന് തിങ്കളാഴ്ച യാത്ര തിരിക്കും. ആദ്യ ഘട്ടത്തിൽ, ജോർദാൻ രാജാവ് അബ്ദുള്ള രണ്ടാമൻ ബിൻ അൽ ഹുസൈന്റെ ക്ഷണപ്രകാരം പ്രധാനമന്ത്രി ജോർദാൻ സന്ദർശിക്കും.

16 ന് പ്രധാനമന്ത്രി എത്യോപ്യൻ പ്രധാനമന്ത്രി ഡോ. അബി അഹമ്മദ് അലിയുടെ ക്ഷണപ്രകാരം എത്യോപ്യ സന്ദർശിക്കും. പ്രധാനമന്ത്രിയുടെ ആദ്യ എത്യോപ്യൻ സന്ദർശനമാണിത്.

17 ന് ഒമാൻ സുൽത്താൻ ഹൈതം ബിൻ താരിക്കിന്റെ ക്ഷണപ്രകാരം പ്രധാനമന്ത്രി ഒമാനിലെത്തും.

✪✪✪

സിനിമാ ലോകത്ത് 50 വർഷം പൂർത്തിയാക്കിയ നടൻ രജനീകാന്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി ജന്മദിനാശംസകൾ നേർന്നു. രജനീകാന്തിന്റെ പ്രകടനങ്ങൾ തലമുറകളെ ആകർഷിച്ചിട്ടുണ്ടെന്നും, വിപുലമായ പ്രശംസ നേടിയിട്ടുണ്ടെന്നും നരേന്ദ്ര മോദി സാമൂഹിക മാധ്യമത്തിൽ കുറിച്ചു.

✪✪✪

തദ്ദേശീയമായി രൂപകല്പന ചെയ്ത് നിർമ്മിച്ച ഡൈവിംഗ് സപ്പോർട്ട് കപ്പൽ DSC-A20, ഈ മാസം 16ന് നാവിക സേന കൊച്ചിയിൽ കമ്മീഷൻ ചെയ്യും. ദക്ഷിണ നാവിക കമാൻഡ് ഫ്ലാഗ് ഓഫീസർ കമാൻഡിംഗ് ഇൻ ചീഫ് വൈസ് അഡ്മിറൽ സമീർ സക്സേന കമ്മീഷനിംഗ് ചടങ്ങിന് നേതൃത്വം നൽകും. കൊൽക്കത്തയിലെ ടിറ്റാഗഡ് റെയിൽ സിസ്റ്റംസ് ലിമിറ്റഡാണ് ക്രാഫ്റ്റ് നിർമ്മിച്ചത്. നാവിക മേഖലയിലെ സ്വയം പര്യാപ്തതയ്ക്കും മെയ്ക്ക് ഇൻ ഇൻഡ്യ സംരംഭത്തിനും മികച്ച ഉദാഹരണമാണ് DSC-A20 എന്ന് രാജ്യരക്ഷാമന്ത്രാലയം അറിയിച്ചു.

✪✪✪

30-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് വൈകിട്ട് തിരുവനന്തപുരത്ത് ഔദ്യോഗിക തുടക്കമാകും. മന്ത്രി സജി ചെറിയാൻ നിശാഗന്ധി ഓഡിറ്റോറിയത്തിൽ മേളയ്ക്ക് തിരി തെളിയിക്കും. പ്രദർശനം രാവിലെ ആരംഭിച്ചു.

ടാഗോർ തീയ്യറ്ററിൽ രാവിലെ സ്പാനീഷ് ചിത്രം ഇൻഗ്രിഡ് സാന്റോസിന്റെ 'ബീഫി' ന്റെ പ്രദർശനം ആരംഭിച്ചു. കലാഭവൻ, നിള, ശ്രീ, കൈരളി എന്നിവിടങ്ങളിലും രാവില പ്രദർശനങ്ങൾ ആരംഭിച്ചു. വൈകിട്ട് നിശാഗന്ധിയിൽ ഉദ്ഘാടന ചിത്രമായി 'പലസ്തിൻ 36 ' പ്രദർശിപ്പിക്കും. മൽസര വിഭാഗങ്ങളിലെ പ്രദർശനം നാളെ ആരംഭിക്കും.

ഡിസംബർ 19 വരെ 16 തീയ്യറ്ററുകളിലായാണ് പ്രദർശനങ്ങൾ. 82 രാജ്യങ്ങളിലെ 206 ചിത്രങ്ങളാണ് പ്രദർശിപ്പിക്കുന്നത്.

✪✪✪

കൊച്ചി-മുസിരിസ് ബിനാലെ ആറാം പതിപ്പിന് ഇന്ന് തുടക്കമാവും. ഫോർട്ട് കൊച്ചി പരേഡ് ഗ്രൗണ്ടിൽ വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 'ഫോർ ദ ടൈം ബീയിങ് ' എന്നതാണ് ഇത്തവണത്തെ പ്രമേയം. നിഖിൽ ചോപ്രയാണ് ക്യൂറേറ്റർ. 25 രാജ്യങ്ങളിൽ നിന്ന് 66 ആർട്ടിസ്റ്റ് പ്രോജക്ടുകളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2026 മാർച്ച് 31 നാണ് ബിനാലെ സമാപനം.

✪✪✪

ഏഷ്യാകപ്പ് അണ്ടർ-19 ഏകദിന ക്രിക്കറ്റ് മത്സരം ദുബായിൽ ആരംഭിച്ചു. ഉദ്ഘാടന മത്സരത്തിൽ ഇന്ത്യ, ആതിഥേയരായ UAE-യെയാണ് നേരിടുന്നത്. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യ, ഒരു വിക്കറ്റ് നഷ്ടത്തിൽ 220 റൺസെടുത്തിട്ടുണ്ട്. വൈഭവ് സൂര്യവൻശി 140 റൺസോടെ ക്രീസിലുണ്ട്.

ദുബായിലെ ICC അക്കാദമി ഗ്രൗണ്ടിലാണ് മത്സരം. ഞായറാഴ്ച ഇന്ത്യ, പാകിസ്ഥാനെ നേരിടും.

✪✪✪

നടിയെ ആക്രമിച്ച കേസിൽ കുറ്റക്കാരായി കണ്ടെത്തിയ ആറ് പ്രതികളുടെ ശിക്ഷാവിധി എറണാകുളം പ്രിൻസിപ്പൽ സെഷൻസ് കോടതി ഉച്ചകഴിഞ്ഞ് പ്രഖ്യാപിക്കും. കൂട്ടബലാത്സംഗം, ഗൂഢാലോചന എന്നിവയടക്കം 10 കുറ്റങ്ങളിൽ ഒന്നു മുതൽ ആറ് വരെ പ്രതികൾ കുറ്റക്കാരാണെന്ന് കോടതി കണ്ടെത്തിയിരുന്നു. എട്ടാം പ്രതി നടൻ ദിലീപ് ഉൾപ്പെടെ നാലു പ്രതികളെ വിചാരണ കോടതി കുറ്റവിമുക്തരാക്കിയിരുന്നു.

✪✪✪

ശബരിമല സ്വർണ്ണക്കൊള്ള-കട്ടിളപ്പാളി കേസിൽ തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് A.പത്മകുമാറിന്റെ ജാമ്യാപേക്ഷ തള്ളി. കൊല്ലം വിജിലൻസ് കോടതിയാണ് ജാമ്യാപേക്ഷ തള്ളിയത്. വാദം നേരത്തേ പൂർത്തിയായിരുന്നു.

✪✪✪

ക്രിസ്തുമസ് - പുതുവത്സര സീസണോടനുബന്ധിച്ച് റെയിൽവേ 38 സ്പെഷ്യൽ ട്രെയിനുകൾ പ്രഖ്യാപിച്ചു. നിസാമുദ്ദീൻ - തിരുവനന്തപുരം, ബെംഗളൂരു - തിരുവനന്തപുരം, ഹൂബ്ലി - തിരുവനന്തപുരം, കൊല്ലം - ബെംഗളൂരു, എറണാകുളം - വഡോദര എന്നിവയാണ് കേരളത്തിന് അനുവദിച്ച ട്രെയിനുകൾ.

✪✪✪

ദ ലോ ട്രസ്റ്റിന്റെ 11-ാമത് ജസ്റ്റിസ് VR. കൃഷ്ണയ്യർ പുരസ്കാരം മുൻ കേരള ഗവർണ്ണറും, സുപ്രീം കോടതി ചീഫ് ജസ്റ്റിസുമായിരുന്ന ജസ്റ്റിസ് P.സദാശിവത്തിന് തിരുവനന്തപരുത്ത് മറ്റന്നാൾ രാവിലെ സമ്മാനിക്കും. ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറാണ് പുരസ്കാരം കൈമാറുന്നത്.

50,000 രൂപയും ജസ്റ്റിസ് കൃഷ്ണയ്യരുടെ ചിത്രം ആലേഖനം ചെയ്ത ശിൽപ്പവും പ്രശസ്തി പത്രവും അടങ്ങുന്നതാണ് പുരസ്കാരം.

✪✪✪

ശബരിമല മണ്ഡലപൂജയ്ക്ക് വെർച്വൽ ക്യൂ ബുക്കിംഗ് ഇന്നലെ വൈകിട്ട് ആരംഭിച്ചു. ഈ മാസം 26,27 തിയതികളിലെ ബുക്കിങ്ങാണ് ഇന്നലെ തുടങ്ങിയത്. 26ന് 30,000 പേർക്കും 27ന് 35,000 പേർക്കും വെർച്വൽക്യൂവിലൂടെ സ്ലോട്ടുകൾ ബുക്ക് ചെയ്യാം. സ്പോട്ട് ബുക്കിംഗ് വഴി 5,000 പേർക്ക് വീതവും ഈ ദിവസങ്ങളിൽ ദർശനാവസരം നൽകും.

✪✪✪

---

*News Editor: വി കെ സുരേഷ്*
*News Reader : സബിത കെ*
*NRTs: അനിൽ ചന്ദ്രൻ*
*DEO : ഷീബ*